**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2424** **12-10-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ. വിദ്യാശ്രീ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠന സൗകര്യം ഒരുക്കുന്നതിനായി കുടുംബശ്രീ മുഖേന 2020-ൽ പ്രഖ്യാപിച്ച സൂക്ഷ്മ സമ്പാദ്യ പദ്ധതിയായ കെ.എസ്.എഫ്.ഇ. വിദ്യാശ്രീ പദ്ധതിയിൽ എത്രപേർ പണം അടച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) | കെ.എസ്.എഫ്.ഇ വിദ്യാശ്രീ പദ്ധതിയിൽ ഇതുവരെ 95297 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ ലാപ്‌ടോപ്പിനായി ആവശ്യപ്പെട്ടവർ 68498 പേരാണ്. 29-07-2021 വരെ കൃത്യമായി മൂന്ന തവണകൾ അടച്ച 61981 പേർക്ക് ലാപ്‌ടോപ്പിനായി പർച്ചേയ്സ് ഓർഡർ നൽകിയിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിയിൽ പങ്കാളികളായ കമ്പനികൾ ഏതെല്ലാമായിരുന്നു; | (ബി) | ഈ പദ്ധതിയിൽ HP, LENOVO, ACER, COCONICS എന്നീ കമ്പനികളാണ് പങ്കാളികളായിട്ടുള്ളത്. |
| (സി) | ഈ കമ്പനികൾ ലാപ് ടോപ് വിതരണം ചെയ്യാതിരുന്നതിന്റെ കാരണങ്ങൾ തേടിയിട്ടുണ്ടോ; | (സി) | ഉണ്ട്. കോവിഡ് 19 മഹാമാരി മൂലം ലാപ്‌ടോപ്പ് ഘടകങ്ങൾ ലഭ്യമാകാതിരുന്നതിനാലാണ് ലാപ്‌ടോപ്പ് വിതരണം ചെയ്യാതിരുന്നതിന്റെ കാരണമായി കമ്പനികൾ അറിയിച്ചിട്ടുള്ളത്. |
| (ഡി) | വിതരണം ചെയ്യാത്ത കമ്പനികളുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ഡി) | ടെണ്ടർ ഡോക്യുമെന്റ്, കരാർ പ്രകാരം സമയബന്ധിതമായി ലാപ്‌ടോപ്പ് സപ്ലൈ ചെയ്യാൻ സാധിക്കാതിരുന്ന കമ്പനികൾക്കെതിരെ കത്ത് നൽകുകയും പെനാൽറ്റി ഈടാക്കുന്ന നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | ഈ പദ്ധതി പിന്നീട് പരിഷ്കരിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ഇ) | ഉണ്ട്. ലാപ്‌ടോപ്പുകൾ സപ്ലൈ ചെയ്യുന്നതിൽ കമ്പനികൾ കാലതാമസം വരുത്തിയ സാഹചര്യത്തിൽ, 10/08/2021 ലെ സ.ഉ (കൈ) നം. 44/2021/നിവ നമ്പർ സർക്കാർ ഉത്തരവനുസരിച്ച് പദ്ധതിയിൽ ഒരു പുനഃക്രമീകരണം നടപ്പിലാക്കിയിട്ടുണ്ട്. അതുപ്രകാരം ഗുണഭോക്താക്കൾക്ക് അവർക്കിഷ്ടമുള്ള ലാപ്‌ടോപ്പ്/ ടാബ്‌ലറ്റ് പൊതുവിപണിയിൽ നിന്നും വാങ്ങുന്നതിനുള്ള പ്രൊഫോർമ ഇൻവോയ്സ് അല്ലെങ്കിൽ വാങ്ങിയതിന്റെ ബില്ല് ബന്ധപ്പെട്ട ശാഖയിൽ ഹാജരാക്കിയാൽ 20,000/- രൂപ വരെയുള്ള തുക |

| | | | |
|---|---|---|---|
| | | | വായ്പയായി നൽകുന്നതാണ്. മാത്രമല്ല ലാപ്ടോപ്പ് ലഭിക്കുന്നത് വരെ കാത്തിരിക്കുവാൻ തയ്യാറുള്ള ഗുണഭോക്താക്കൾക്ക് ആയതു സപ്ലൈ ചെയ്യുന്ന മുറയ്ക്ക് വാങ്ങാവുന്നതുമാണ്. കൂടാതെ ലാപ്ടോപ്പ് ആവശ്യമില്ലാതെ അടച്ച സംഖ്യ തിരികെ ആവശ്യപ്പെടുന്ന ഗുണഭോക്താക്കൾക്ക് ആയത് തിരിച്ചു നൽകുന്നതുമാണ്. |
| (എഫ്) | പദ്ധതിയിൽ ചേർന്ന മുഴുവൻ പേർക്കും ലാപ് ടോപ് വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (എഫ്) | പദ്ധതിയിൽ ചേർന്നിട്ടുള്ള മുഴുവൻ പേർക്കും ലാപ്ടോപ്പ് വിതരണം ചെയ്തിട്ടില്ല. ലാപ്ടോപ്പ് സപ്ലൈ ചെയ്യുന്നതിൽ കമ്പനികൾ കാലതാമസം വരുത്തിയതിനാലാണ് മുഴുവൻ പേർക്കും വിതരണം ചെയ്യാൻ സാധിക്കാതിരുന്നത്. |
| (ജി) | പദ്ധതിയിൽ ചേർന്നവർ കുടുംബശ്രീ മുഖേന ആയതുകൊണ്ട് പ്രത്യേക സാഹചര്യത്തിൽ കുടുംബശ്രീ ഫണ്ട് ഉപയോഗിച്ച് ഇവർക്ക് സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ജി) | കുടുംബശ്രീ ഫണ്ട് ഉപയോഗിച്ച് സഹായം നൽകുന്നതിലേയ്ക്കായി പ്രത്യേക ഫണ്ട് വകയിരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ